തുഞ്ചത്തെഴുത്തച്ഛൻ
**മലയാളസർവകലാശാല**
വാക്കാട്, മലപ്പുറം - 676 502

# നിർവാഹകസമിതി
# അമ്പത്തിയാറാമത് യോഗതീരുമാനങ്ങൾ

**2022 ജൂലൈ 29, രാവിലെ 10.30 ന്**

**പങ്കെടുത്തവർ:**

1. ഡോ. അനിൽ വള്ളത്തോൾ (വൈസ് ചാൻസലർ) (അദ്ധ്യക്ഷൻ)
2. ശ്രീ അനിൽകുമാർ വി.എസ്. (അഡീഷണൽ സെക്രട്ടറി, ഉന്നതവിദ്യാഭ്യാസ വകുപ്പ്) (ഗൂഗിൾമീറ്റ് വഴി)
3. ശ്രീമതി നിതാകുമാരി (സ്പെഷ്യൽ സെക്രട്ടറി, ധനകാര്യവകുപ്പ്) (ഗൂഗിൾമീറ്റ് വഴി)
4. ശ്രീ പ്രസാദ് ആർ (സെക്ഷൻ ഓഫീസർ, സാംസ്കാരികകാര്യ (സി) വകുപ്പ്) (ഗൂഗിൾമീറ്റ് വഴി)
5. ഡോ. കെ.കെ.എൻ. കുറുപ്പ് (ഗൂഗിൾമീറ്റ് വഴി)
6. ഡോ. സി. രാജേന്ദ്രൻ
7. ഡോ. വി. ലിസ്സി മാത്യു
8. ഡോ. കെ.വി. ശശി
9. ഡോ. സ്മിത കെ. നായർ

ഡോ. റെജിമോൻ പി.എം. (രജിസ്ട്രാർ ഇൻ ചാർജ്) യോഗത്തിൽ സന്നിഹിതനായിരുന്നു.

## തീരുമാനങ്ങൾ

ഇനം നമ്പർ: **2022.70**

വിഷയം: **നിർവാഹകസമിതിയുടെ അമ്പത്തിയഞ്ചാമത് യോഗത്തിന്റെ തീരുമാനങ്ങൾ അംഗീകരിക്കുന്നതു സംബന്ധിച്ച്**

തീരുമാനം: ബിരുദാനന്തരബിരുദ പ്രവേശനപരീക്ഷ സംബന്ധിച്ച് 2022.69-ാമത് ഇനമായി രേഖപ്പെടുത്തിയിട്ടുള്ള തീരുമാനത്തിൽ 'അടുത്ത അദ്ധ്യയനവർഷം മുതൽ എം.എ. പ്രവേശനപ്പരീക്ഷയുടെ ചോദ്യപേപ്പർ മാതൃകാപരീക്ഷാചട്ടങ്ങൾ പ്രകാരം പുനഃസ്ഥാപിക്കാൻ തീരുമാനിച്ചു.' എന്ന ഭേദഗതി കൂട്ടി ചേർത്തു കൊണ്ട് നിർവാഹകസമിതിയുടെ 55-ാമത് യോഗതീരുമാനങ്ങൾ സ്ഥിരീകരിച്ചു.

ഇനം നമ്പർ: **2022.71**

വിഷയം: **മുൻതീരുമാനങ്ങളിലെ തുടർനടപടികൾ**

തീരുമാനം: തുടർനടപടികൾ അംഗീകരിച്ചു. എന്നാൽ 2022.58-ാമത് ഇനത്തിലെ തീരുമാനം നടപ്പിലാക്കി ഉന്നതവിദ്യാഭ്യാസവകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിക്ക് 136/ എ6/2022/അഡ്മിൻ നമ്പറിൽ 17.06.2022 ന് അയച്ച കത്തിൽ ഉള്ളടക്കം ചെയ്ത പട്ടികയിൽ ക്രമനമ്പർ 2 ആയി ചേർത്തിരുന്ന പി. കൃഷ്ണപ്രസാദ്,

24 ആയി ചേർത്തിരുന്ന സിജു സി ദാസ് എന്നിവർ സർവകലാശാലയിൽ നിന്നും വിടുതൽ വാങ്ങിപ്പോയ സാഹചര്യത്തിൽ അവരുടെ പേരുകൾ നീക്കം ചെയ്യേണ്ടതാണെന്ന് തീരുമാനിച്ചു. ഇക്കാര്യം സർക്കാരിനെ അറിയിക്കേണ്ടതാണ്.

ഇനം നമ്പർ: **2022.72**

വിഷയം: **വൈസ് ചാൻസലറുടെ റിപ്പോർട്ട്**

തീരുമാനം: റിപ്പോർട്ട് അംഗീകരിച്ചു.

ഇനം നമ്പർ: **2022.73**

വിഷയം: **വൈസ് ചാൻസലർ ഓപ്പറേറ്റ് ചെയ്തിരുന്ന മലയാളസർവകലാശാലയുടെ പേരിലുള്ള ബാങ്ക്, ട്രഷറി എന്നിവിടങ്ങളിലെ മൂന്ന് അക്കൗണ്ടുകൾ ഓപ്പറേറ്റ് ചെയ്യുന്നതിന് ഫിനാൻസ് ഓഫീസറെ ചുമതലപ്പെടുത്തി ഉത്തരവിട്ടു നടപ്പിലാക്കിയ വിവരം നിർവാഹകസമിതിയിൽ റിപ്പോർട്ട് ചെയ്ത് സാധൂകരണം വാങ്ങുന്നത് സംബന്ധിച്ച്**

തീരുമാനം: മലയാളസർവകലാശാലയുടെ പേരിൽ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ, തിരൂർ ട്രഷറി എന്നിവിടങ്ങളിൽ വൈസ് ചാൻസലർ ഓപ്പറേറ്റ് ചെയ്തിരുന്ന മൂന്ന് അക്കൗണ്ടുകൾ ഓപ്പറേറ്റ് ചെയ്യുവാൻ ഫിനാൻസ് ഓഫീസറെ ചുമതലപ്പെടുത്തി ഉത്തരവിറക്കി നടപ്പിലാക്കിയ നടപടി യോഗം അംഗീകരിച്ചു.

മേൽവിഷയത്തിൽ എടുത്തിട്ടുള്ള നടപടിക്രമങ്ങൾ വിശദമാക്കിയുള്ള റിപ്പോർട്ട് അടുത്ത യോഗത്തിൽ വെയ്ക്കണമെന്നും യോഗം നിർദ്ദേശിച്ചു.

(303/2022/ബാങ്ക് എസ്.ബി.ഐ/ധനകാര്യം - ഫിനാൻസ് വിഭാഗം)

ഇനം നമ്പർ: **2022.74**

വിഷയം: **ഓഡിറ്റ് പരാമർശത്തിന്റെ അടിസ്ഥാനത്തിൽ വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന സർവകലാശാല ഹോസ്റ്റലിലെ വിദ്യാർത്ഥികളിൽ നിന്നും സുരക്ഷാ നിക്ഷേപം സ്വീകരിക്കുന്ന കാര്യം തീരുമാനിക്കുന്നത് സംബന്ധിച്ച്**

തീരുമാനം: ഹോസ്റ്റലിൽ പ്രവേശനം നേടുന്ന മുഴുവൻ വിദ്യാർത്ഥികളിൽ നിന്നും സുരക്ഷാനിക്ഷേപം ഇനത്തിൽ 500 രൂപ പ്രകാരം വാങ്ങുവാൻ തീരുമാനിച്ചു. ഇതോടൊപ്പം ഹോസ്റ്റലുകളിൽ ആവശ്യമായ അടിസ്ഥാനസൗകര്യങ്ങൾ ഒരുക്കാൻ സർവകലാശാല നടപടികൾ സ്വീകരിക്കണമെന്നും യോഗം തീരുമാനിച്ചു.

(133/2021/ഫിൻ. - ഫിനാൻസ് വിഭാഗം)

ഇനം നമ്പർ: **2022.75**

വിഷയം: **ഓഡിറ്റ് പരാമർശത്തിന്റെ അടിസ്ഥാനത്തിൽ, പലിശയിനത്തിൽ തുക നഷ്ട പ്പെടുന്നത് ഒഴിവാക്കുന്നതിന് സർവകലാശാലയുടെ പേരിൽ എസ്.ബി.ഐ. യിലുള്ള കറന്റ് അക്കൗണ്ടിൽ നിന്നും 75 ശതമാനം തുക പിൻവലിക്കുന്ന തിനും പ്രസ്തുത തുക ട്രഷറിയിൽ നിക്ഷേപിച്ച് പലിശ ക്രെഡിറ്റ് ചെയ്യുന്ന തിനും, ഒരു ട്രഷറി സേവിങ് അക്കൗണ്ട് തുടങ്ങുന്നതിന് സർക്കാരിന്റെ അനു മതി തേടുന്നതിനുമുള്ള വൈസ് ചാൻസലറുടെ തീരുമാനം സാധൂകരിക്കു ന്നത് സംബന്ധിച്ച്**

തീരുമാനം: സാധൂകരിച്ചു. സർവകലാശാലയുടെ പേരിൽ സേവിങ്സ് ബാങ്ക് അക്കൗണ്ട് തുടങ്ങുന്നതിനുവേണ്ടി ഇതിനോടകം കൈക്കൊണ്ടിട്ടുള്ള നടപടികളുടെ റിപ്പോർട്ട് അടുത്ത യോഗത്തിൽ അവതരിപ്പിക്കണമെന്നും നിർദ്ദേശിച്ചു.

(303/2022/ബാങ്ക് എസ്.ബി.ഐ/ധനകാര്യം - ഫിനാൻസ് വിഭാഗം)

* ഇനം നമ്പർ: **2022.76**

വിഷയം: **2019-20 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിനുള്ള മറുപടി അംഗീകരിക്കുന്നത് സംബന്ധിച്ച്**

തീരുമാനം: 2019-20 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലെ തടസ്സവാദങ്ങൾക്കുള്ള മറുപടി കൾ പരിശോധിച്ച് അംഗീകരിച്ചു.

2019 ഏപ്രിൽ / മേയ് കാലയളവിൽ ജോലി ചെയ്ത സർവകലാശാല അദ്ധ്യാ പകർക്ക് 7.11.2019 ലെ 2926/2019/അഡ്മിൻ ഉത്തരവ് പ്രകാരം അനുവദിക്ക പ്പെട്ട ആർജ്ജിതാവധി ക്രമവിരുദ്ധമാണെന്ന ആഡിറ്റ് പരാമർശം പുനഃപരി ശോധന നടത്തണമെന്ന് ആഡിറ്റ് വിഭാഗത്തോട് ആവശ്യപ്പെടുവാൻ തീരു മാനിച്ചു.

(133/2021/ഫിൻ. - ഫിനാൻസ് വിഭാഗം)

ഇനം നമ്പർ: **2022.77**

വിഷയം: **തുഞ്ചത്തെഴുത്തച്ഛൻ മലയാളസർവകലാശാലയുടെ അക്ഷരം കാമ്പസിൽ വിദ്യാർത്ഥിനികൾക്കായി ഹോസ്റ്റൽ നിർമിക്കുന്നതിനുള്ള പ്രോജക്ട് റിപ്പോർട്ട് സമർപ്പിക്കുന്നത് പരിഗണിക്കുന്നത് സംബന്ധിച്ച്**

തീരുമാനം: സർക്കാരിന് പ്രോജക്ട് റിപ്പോർട്ട് സമർപ്പിച്ച സർവകലാശാലയുടെ നടപടി സാധൂകരിച്ചു. ഹോസ്റ്റൽ നിർമാണത്തിനുള്ള 9.5 കോടി രൂപയുടെ എസ്റ്റി മേറ്റ് അടക്കമുള്ള പ്രോജക്ടിന് അംഗീകാരം നൽകി. ഹോസ്റ്റലിന്റെ നിർമാ ണപ്രവൃത്തികൾ ആരംഭിക്കുന്നതിന് മുമ്പായി പ്ലാൻ പുനഃപരിശോധിച്ച് സ്ത്രീഅനുകൂലമാക്കി പണിയുന്നതിനുള്ള സാധ്യതകൾ പരിശോധിച്ച് അറി യിക്കാൻ യോഗം എഞ്ചിനീയറെ ചുമതലപ്പെടുത്തുകയും ചെയ്തു.

(2000/എ2/2022/നിർമാണം/അഡ്മിൻ - ഭരണവിഭാഗം)

* ഇനം നമ്പർ: **2022.78**

വിഷയം: **മഹാകവി വള്ളത്തോൾ ചെയർ പ്രവർത്തനരൂപരേഖ സംബന്ധിച്ചുള്ള റിപ്പോർട്ടും ഭരണസമിതി രൂപീകരണത്തിനുള്ള നിർദ്ദേശവും അംഗീകരിക്കുന്ന വിഷയം**

തീരുമാനം: മഹാകവി വള്ളത്തോളിന്റെ സ്മരണാർത്ഥം മലയാളസർവകലാശാലയിൽ സ്ഥാപിക്കുന്ന ചെയറിന്റെ പ്രവർത്തനങ്ങൾക്കായി 7.50 ലക്ഷം രൂപ ചെലവ് പ്രതീക്ഷിക്കുന്ന പ്രവർത്തനങ്ങളടങ്ങിയ രൂപരേഖ അംഗീകരിച്ചു.

**രൂപരേഖയുടെ വിശദാംശങ്ങൾ:**

1. വള്ളത്തോൾ മ്യൂസിയം

   (ഇതിൽ വള്ളത്തോൾ ഉൾപ്പെടുന്ന വെട്ടത്തുനാട്ടിലെ എഴുത്തുകാർ, കലാകാരന്മാർ എന്നിവരുടെ സമഗ്രസംഭാവനകളുടെ വിവരണങ്ങൾ, സ്മരണ നിലനിർത്തുന്ന ഉപദാനങ്ങൾ തുടങ്ങിയവ ഉണ്ടായിരിക്കും)

2. വള്ളത്തോളിനേയും അദ്ദേഹം പ്രതിനിധാനം ചെയ്ത പ്രസ്ഥാനങ്ങളെയും ആശയങ്ങളെയും മുൻനിർത്തിയുള്ള അനൗപചാരിക ഗവേഷണങ്ങൾ.

   (ഗവേഷകർക്ക് പ്രതിമാസ ഫെല്ലോഷിപ്പ് നൽകേണ്ടതാണ്)

3. ഗ്രന്ഥരചനകൾക്ക് സഹായം

   (വള്ളത്തോൾ സാഹിതി, ദർശനം എന്നിവയെ മുൻനിർത്തി പുസ്തകങ്ങൾ എഴുതുന്നവർക്ക് ധനസഹായം) പുസ്തകപ്രകാശന ചടങ്ങുകൾ സംഘടിപ്പിക്കൽ.

4. വള്ളത്തോൾ അവാർഡ്

   (മഹാകവിയുടെ പേരിൽ വർഷം തോറും ഒക്ടോബർ 16 ന് ശ്രീ ആർ. രാമചന്ദ്രൻ നായർ ചെയർമാനായി കൊടുത്തുപോരുന്ന വള്ളത്തോൾ അവാർഡ് തുടർന്ന് സർവകലാശാല വഴി നൽകാനുള്ള സാധ്യത അദ്ദേഹം ആരാഞ്ഞിട്ടുണ്ട്. സർക്കാരിൽ നിന്നു ലഭിക്കുന്ന വിഹിതവും നിലവിലുള്ള അവാർഡ് കമ്മിറ്റിയുടെ വിഹിതവും ചേർത്ത് ഇതിനായുള്ള തുക വർഷം തോറും കണ്ടെത്തേണ്ടതുണ്ട്)

5. വള്ളത്തോൾ ജയന്തി പ്രഭാഷണങ്ങൾ

   (ഒക്ടോബർ, നവംബർ മാസങ്ങളിലായി ഇന്ത്യയിലെ വിവിധ കലാലയങ്ങളിൽ നടത്തുന്നതാണ്)

6. സംസ്ഥാനതലത്തിൽ കോളേജ് വിദ്യാർത്ഥികൾക്കായി വള്ളത്തോൾ എൻഡോവ്മെന്റ് പ്രഭാഷണം.

7. വള്ളത്തോൾ കവിതകളുടെ ഓഡിയോ ലൈബ്രറി.

8. വള്ളത്തോൾ ഗവേഷണപത്രിക, പുസ്തകങ്ങളുടെ പ്രസിദ്ധീകരണം

9. വള്ളത്തോൾ ശബ്ദകോശം.

10. വള്ളത്തോൾ പഠനഗ്രന്ഥങ്ങളുടെ സൂചിക.

11. വർഷം തോറും സ്കൂളുകൾ കേന്ദ്രീകരിച്ച് സാഹിത്യ ക്വിസ്, ഭാഷാപ്രയോഗ പരീക്ഷ, കലാമത്സരങ്ങൾ എന്നിവ സംഘടിപ്പിക്കൽ.

12. സ്കൂൾ തലം തൊട്ടുള്ള വിദ്യാർത്ഥികൾക്കായി മലയാളഭാഷാപഠന ക്ലാസുകൾ നടത്തൽ.

13. കവിയരങ്ങ്, അക്ഷരശ്ലോക സദസ്സ് എന്നിവയുടെ സംഘാടനം

ചെയറിന്റെ ഭരണസമിതിയിലേക്കുള്ള നിർവാഹകസമിതിയുടെ പ്രതിനിധിയായി ഡോ. സി. രാജേന്ദ്രനെ നിർദ്ദേശിച്ചതോടൊപ്പം സാഹിത്യരചന സ്കൂൾ ഡയറക്ടറെകൂടി ഭരണസമിതിയിൽ ഉൾപ്പെടുത്തുവാനും തീരുമാനിച്ചു.

2013 ലെ തുഞ്ചത്തെഴുത്തച്ഛൻ മലയാളസർവകലാശാല നിയമത്തിലേയും 2019 ലെ തുഞ്ചത്തെഴുത്തച്ഛൻ മലയാളസർവകലാശാല പ്രഥമ സ്റ്റാറ്റ്യൂട്ടുകളിലേയും ബന്ധപ്പെട്ട വ്യവസ്ഥകൾക്ക് വിധേയമായി, ചെയറുകളുടെ പ്രവർത്തനമാർഗ്ഗനിർദ്ദേശങ്ങൾ എല്ലാ സ്കൂൾ ഡയറകർമാർക്കും നൽകി ചെയറുകൾ സ്ഥാപിക്കുന്നതിനുള്ള സാധ്യതകൾ പരിശോധിക്കണമെന്ന് ആവശ്യപ്പെടുവാനും യോഗം തീരുമാനിച്ചു.

(1124/വള്ളത്തോൾ ചെയർ/2022 - വി.സി. കാര്യാലയം)

ഇനം നമ്പർ: **2022.79**

വിഷയം: **ബഹു. കേരള ഹൈക്കോടതിയിലെ തുഞ്ചത്തെഴുത്തച്ഛൻ മലയാളസർവകലാശാലയുടെ സ്റ്റാന്റിങ് കോൺസലായി നിയമിച്ചിരുന്ന അഡ്വ. പി.സി. ശശിധരന്റെ നിയമനകാലാവധി അവസാനിച്ചതിനെ തുടർന്ന് നിയമനം നീട്ടി നൽകി ഉത്തരവ് പുറപ്പെടുവിച്ച വൈസ് ചാൻസലറുടെ നടപടി നിർവാഹകസമിതി മുമ്പാകെ റിപ്പോർട്ട് ചെയ്യുന്നത് സംബന്ധിച്ച്**

തീരുമാനം: അഡ്വ. പി.സി. ശശിധരന്റെ നിയമനകാലാവധി അവസാനിച്ചതിനെ തുടർന്ന് കേരള ഹൈക്കോടതിയിലെ തുഞ്ചത്തെഴുത്തച്ഛൻ മലയാളസർവകലാശാലയുടെ സ്റ്റാന്റിങ് കോൺസലായി വീണ്ടും അദ്ദേഹത്തെ നിയമിച്ച് വൈസ് ചാൻസലർ പുറപ്പെടുവിച്ച ഉത്തരവിന് (നമ്പർ 025/2013/വി.സി. തീയതി 27.06.2022) സാധൂകരണം നൽകി.

(025/2013/വി.സി. - വി.സി. കാര്യാലയം)

ഇനം നമ്പർ: **2022.80**

വിഷയം: **ശ്രേഷ്ഠ മലയാള ഭാഷാപഠന മികവ്കേന്ദ്രം - ക്ലാസ് - ഫാക്കൽറ്റി മുറികൾ - എന്നിവയുടെ നിർമാണ നിർവഹണ ഏജൻസിയായ കോസ്റ്റ് ഫോർഡിന് പ്രവൃത്തിയുടെ എസ്റ്റിമേറ്റ് ചെയ്ത മൂല്യത്തിന്റെ 20% മുൻകൂർ അനുവദിച്ചുകൊണ്ട് വൈസ് ചാൻസലർ പുറപ്പെടുവിച്ച ഉത്തരവിന്റെ സാധൂകരണം**

തീരുമാനം: ശ്രേഷ്ഠ മലയാള ഭാഷാപഠന മികവ്കേന്ദ്രം - ക്ലാസ് - ഫാക്കൽറ്റി മുറികളടങ്ങിയ കെട്ടിടനിർമാണചുമതല ഏറ്റെടുത്ത കോസ്റ്റ്ഫോർഡുമായി ഒപ്പ് വെച്ച കരാർ വ്യവസ്ഥയനുസരിച്ച് മൊത്തം പ്രവൃത്തിമൂല്യമായ 3.13 കോടി രൂപയുടെ 20% ആയ 62,66,000 രൂപ അനുവദിച്ച് നൽകി വൈസ് ചാൻസലർ

പുറപ്പെടുവിച്ച 06.07.2022 ലെ ഉത്തരവ് നമ്പർ 556/2018/ഫിൻ/വാല്യം-1 സാധൂകരിച്ചു.

(556/2018/ഫിൻ/വാല്യം 1 - വി.സി. കാര്യാലയം)

* ഇനം നമ്പർ: **2022.81**

വിഷയം: **സർവകലാശാലയിലെ മരാമത്ത് പണികളുമായി ബന്ധപ്പെട്ട് പുതിയ കാമ്പസ് വികസനവും കെട്ടിടസമുച്ചയങ്ങളുടെ നിർമാണവും, മികവ് കേന്ദ്രം-ക്ലാസ്, ഫാക്കൽറ്റി മുറികളുടെ നിർമാണം, വിദ്യാർത്ഥിനികൾക്കായി അക്ഷരം കാമ്പസിൽ ഹോസ്റ്റൽ നിർമാണം, പ്രസിദ്ധീകരണം വിഭാഗം - എഞ്ചിനീയറിങ് വിഭാഗം കെട്ടിടനിർമാണം, വാഹനപാർക്കിങിന്റെ അറ്റകുറ്റപ്പണി, ഇന്റർലോക്ക് ടൈൽ വിരിക്കൽ, രംഗശാല - എഴുത്തച്ഛൻ പഠനസ്കൂൾ-ഭരണ അക്കാദമിക വിഭാഗം എന്നിവയുടെ ഫ്ളോറിങ് സംബന്ധമായ അറ്റകുറ്റപ്പണികൾ, സ്റ്റാഫ് ക്യാബിൻ നിർമാണം എന്നിവയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ റിപ്പോർട്ട് ചെയ്യുന്നത് സംബന്ധിച്ച്**

തീരുമാനം: സർവകലാശാല എഞ്ചിനീയറായി 22.05.2022 ന് ചുമതലയേറ്റ ശ്രീ എ.വി. ചന്ദ്രന്റെ നേതൃത്വത്തിൽ ഇതിനോടകം നടന്ന പ്രവർത്തനങ്ങളിൽ യോഗം സംതൃപ്തിയും മതിപ്പും രേഖപ്പെടുത്തി അഭിനന്ദിച്ചു.

സർവകലാശാല എഞ്ചിനീയറിങ് വിഭാഗം തയ്യാറാക്കി സമർപ്പിച്ചിട്ടുള്ള താഴെ വിവരിച്ചിട്ടുള്ള പ്രോജക്ടുകൾക്ക് യോഗം അംഗീകാരം നൽകി.

| | പ്രോജക്ട് | എസ്റ്റിമേറ്റ് |
|---|---|---|
| 1. | 'കർണികാരം' വനിതാഹോസ്റ്റൽ | 950 ലക്ഷം |
| 2. | താഴ്മുറ്റം മണ്ണിട്ടുയർത്തി കോൺക്രീറ്റ് പേവിങ് ടൈൽ പാകൽ | 1.6 ലക്ഷം |
| 3. | പ്രസിദ്ധീകരണ എഞ്ചിനീയറിങ് വിഭാഗങ്ങൾക്കുള്ള കെട്ടിടം | 41.25 ലക്ഷം |
| 4. | നിലവിലുള്ള കെട്ടിടങ്ങളുടെ ചുറ്റുമുള്ള കേടുപാടുകൾ വന്ന ടൈലുകൾ നീക്കം ചെയ്ത് പുതിയത് ഉറപ്പിക്കുന്ന പ്രവൃത്തി | 71,000 രൂപ |
| 5. | പരിസ്ഥിതിപഠനലാബ് സജ്ജീകരിക്കൽ | 1 ലക്ഷം |

പുതുതായി ജോലിയിൽ പ്രവേശിച്ച അദ്ധ്യാപകർക്ക് ഇരിപ്പിടം കണ്ടെത്തി സജ്ജീകരിക്കുന്ന വിഷയം പരിശോധിച്ച് അദ്ധ്യാപകരുമായി ചർച്ച ചെയ്ത് നിർദ്ദേശം സമർപ്പിക്കുന്നതിനായി രജിസ്ട്രാർ കൺവീനറായി ഡോ. കെ. വി. ശശി, ഡോ. സ്മിത കെ. നായർ എന്നിവരടങ്ങിയ കമ്മിറ്റിയെ യോഗം ചുമതലപ്പെടുത്തി.

പ്രസിദ്ധീകരണ / എഞ്ചിനീയറിങ് കെട്ടിടനിർമാണപ്രവർത്തനങ്ങൾ പരിശോധിച്ച് പ്രവൃത്തി മുടക്കം കൂടാതെ നടപ്പിലാക്കുന്നതിനായി രജിസ്ട്രാർ ഇൻ ചാർജ് കൺവീനറായി ഡോ. സി. രാജേന്ദ്രൻ, ഡോ. കെ.വി. ശശി എന്നിവരടങ്ങിയ കമ്മിറ്റിയെ ചുമതലപ്പെടുത്തി.

(2000/എ2/2022/നിർമാണം/അഡ്മിൻ - ഭരണവിഭാഗം)

* ഇനം നമ്പർ: **2022.82**

വിഷയം: **വി.ടി. കുമാരൻ എൻഡോവ്മെന്റ് പ്രഭാഷണം മലയാളസർവകലാശാലയിൽ ഏർപ്പെടുത്തുന്നത് സംബന്ധിച്ച്**

തീരുമാനം: വി.ടി. കുമാരൻ എൻഡോവ്മെന്റ് സർവകലാശാല ലക്ഷ്യങ്ങൾക്കും ചട്ടങ്ങൾക്കും വിധേയമായി ഏർപ്പെടുത്തുന്നതിന് അംഗീകാരം നൽകി. എൻഡോവ്മെന്റ് സംബന്ധിച്ചുള്ള ധാരണാപത്രം, നിക്ഷേപിക്കുവാൻ ഉദ്ദേശിക്കുന്ന തുക എന്നിത്യാദി വിവരങ്ങൾ ആവശ്യപ്പെട്ട് അപേക്ഷകന് കത്ത് നൽകുവാനും തീരുമാനിച്ചു.

സംസ്കാരപൈതൃകപഠന സ്കൂളിന്റെ ആഭിമുഖ്യത്തിലായിരിക്കണം എൻഡോവ്മെന്റ് പരിപാടികൾ നടത്തേണ്ടത് എന്നും നിർദ്ദേശിച്ചു.

(710/എ1/2022/അഡ്മിൻ - ഭരണവിഭാഗം)

* ഇനം നമ്പർ: **2022.83**

വിഷയം: **തുഞ്ചത്തെഴുത്തച്ഛൻ മലയാളസർവകലാശാല വിവിധ പ്രോജക്ടുകളെക്കുറിച്ചുള്ള സമഗ്രാന്വേഷണം തുടങ്ങുന്നതിനായി രൂപീകരിച്ച കമ്മിറ്റി സമർപ്പിച്ച റിപ്പോർട്ട് സംബന്ധിച്ച്**

തീരുമാനം: നിഘണ്ടു നിർമാണമടക്കമുള്ള പ്രോജക്ടുകളുടെ പ്രവർത്തനം സംബന്ധിച്ച് സമഗ്രാന്വേഷണം നടത്തുന്നതിനായി നിയോഗിച്ച ഡോ. സി. രാജേന്ദ്രൻ ഡോ. കാവുമ്പായി പത്മനാഭൻ, ശ്രീ കെ.പി. രാജേഷ്, ഡോ. എച്ച്.കെ. സന്തോഷ് എന്നിവരടങ്ങിയ കമ്മിറ്റി സമർപ്പിച്ച റിപ്പോർട്ട് യോഗം അംഗീകരിച്ചു. പ്രോജക്ടുകളുടെ പരിശോധനക്കും അംഗീകാരത്തിനുമായി 18.07.2022 ലെ 874/എ1/2019/അഡ്മിൻ എന്ന ഉത്തരവ് പ്രകാരം രൂപീകരിച്ചിട്ടുള്ള കമ്മിറ്റിയിൽ നിർവാഹകസമിതി അംഗങ്ങളായ ഡോ. കെ.വി. ശശിയേയും ഡോ. സ്മിത കെ നായരേയും ഉൾപ്പെടുത്താനും തീരുമാനിച്ചു.

റിപ്പോർട്ടിൻമേൽ സർവകലാശാല സ്റ്റാന്റിങ് കോൺസലിന്റെ നിയമോപദേശം വാങ്ങിയ ശേഷം സർക്കാരിനെ അറിയിച്ച് അതനുസരിച്ച് തുടർനടപടികൾ സ്വീകരിക്കണമെന്നും തീരുമാനിച്ചു.

(874/എ1/2019/അഡ്മിൻ - ഭരണവിഭാഗം)

ഇനം നമ്പർ: **2022.84**

വിഷയം: **പൊതുസഭയിലേക്ക് 4 അംഗങ്ങളേയും നിർവാഹകസമിതിയിലേക്ക് 2 അംഗങ്ങളേയും തെരഞ്ഞെടുത്തത് റിപ്പോർട്ട് ചെയ്യുന്നത് സംബന്ധിച്ച്**

തീരുമാനം: ശ്രദ്ധിച്ചു.

(395/എ1/2022/അഡ്മിൻ - ഭരണവിഭാഗം)

ഇനം നമ്പർ: **2022.85**

വിഷയം: **കെ-ഫോൺ സംബന്ധിച്ച് സർവകലാശാല കൈക്കൊണ്ട തീരുമാനങ്ങൾ നിർവാഹകസമിതിയിൽ റിപ്പോർട്ട് ചെയ്യുന്നത് സംബന്ധിച്ച്**

തീരുമാനം: ശ്രദ്ധിച്ചു.

(പി.എ./പ.വ./2021/അഡ്മിൻ - ഭരണവിഭാഗം)

* ഇനം നമ്പർ: **2022.86**

വിഷയം: **റിസർച്ച് എത്തിക്സ് & ആഡ് ഓൺ കോഴ്സ് ആരംഭിക്കുന്നത് സംബന്ധിച്ച്**

തീരുമാനം: പൂർണ / ഭാഗിക സമയ ഗവേഷകർക്ക് സഹായകരമാകുന്ന യു.ജി.സി. നിർദ്ദേശപ്രകാരമുള്ള റിസർച്ച് എത്തിക്സ് & ആഡ് ഓൺ കോഴ്സ് ആരംഭിക്കുവാൻ തീരുമാനിച്ചു. ഇതിന്റെ ചുമതല എഴുത്തച്ഛൻ പഠനസ്കൂൾ ഡയറക്ടർ ഡോ. കെ.എം. അനിലിന് നൽകുവാനും തീരുമാനിച്ചു. ആഡ് ഓൺ കോഴ്സ് സംഘടിപ്പിക്കുന്നതുമായി ബന്ധപ്പെട്ട് വിദ്യാർത്ഥികളിൽ നിന്നും ഫീസിനത്തിൽ ഈടാക്കേണ്ട തുക കോഴ്സിന്റെ കാലദൈർഘ്യം, അദ്ധ്യാപകർക്കുള്ള പ്രതിഫലം, പുസ്തകങ്ങൾ / ജേണലുകൾ / മാസികകൾ എന്നിവയുടെ പട്ടിക, കോഴ്സിന്റെ സ്വഭാവം (ഡിപ്ലോമ / സർട്ടിഫിക്കറ്റ്), വിഷയവിദഗ്ദ്ധരുടെ പ്രതിഫലം എന്നീ കാര്യങ്ങളടങ്ങിയ പ്രോജക്ട് അംഗീകരിച്ചു.

സർവകലാശാല ഫണ്ട് വിനിയോഗിക്കാതെ, കോഴ്സിൽ ചേർന്ന പഠിതാക്കളിൽ നിന്നും ലാഭ-നഷ്ടമില്ലാതെ കോഴ്സ് നടത്തണമെന്നും തീരുമാനിച്ചു.

(1981/എ1/2021/അഡ്മിൻ - ഭരണവിഭാഗം)

* ഇനം നമ്പർ: **2022.87**

വിഷയം: **അസോസിയേറ്റ് പ്രൊഫസർ (13 എ) തസ്തികയിൽ ജോലി ചെയ്യുന്ന അധ്യാപകർക്ക് 2018 യു.ജി.സി. റെഗുലേഷൻസ് പ്രകാരം അക്കാദമിക് ലെവൽ 14 പ്രൊഫസർ ഗ്രേഡിലേക്കുള്ള പ്രമോഷൻ അനുവദിക്കുന്നത് സംബന്ധിച്ച്**

തീരുമാനം: അസോസിയേറ്റ് പ്രൊഫസർ തസ്തികയിൽ ജോലി ചെയ്യുന്ന ഡോ. ഇ. രാധാകൃഷ്ണൻ, ഡോ. ടി.വി. സുനീത, ഡോ. സി. സെയ്തലവി എന്നിവർ പ്രസ്തുത തസ്തികയിൽ മൂന്നു വർഷം സേവനം പൂർത്തിയാക്കിയ സാഹചര്യത്തിൽ യു.ജി.സി. റെഗുലേഷൻ - 2018 ലെ ബന്ധപ്പെട്ട വ്യവസ്ഥകൾക്ക് വിധേയമായി നിയമാനുസൃതമായി അക്കാദമിക് ലെവൽ 14 പ്രൊഫസർ ഗ്രേഡിലേക്ക് പ്രമോഷനുമായി ബന്ധപ്പെട്ട നടപടികൾ കൈക്കൊള്ളാൻ തീരുമാനിച്ചു.

(1043/2020/അഡ്മിൻ/എ5 - ഭരണവിഭാഗം)

* ഇനം നമ്പർ: **2022.88**

വിഷയം: **ഭാഷാശാസ്ത്രത്തിൽ ഗവേഷണപ്രബന്ധം സമർപ്പിച്ച അനീഷ പി. ക്ക് പിഎച്ച്.ഡി. ബിരുദം നൽകുന്നത് സംബന്ധിച്ച്**

തീരുമാനം: ഭാഷാശാസ്ത്ര സ്കൂളിലെ ഗവേഷകയായ ശ്രീമതി അനീഷ പി. 'അറബിമ ലയാള പടപ്പാട്ടുകൾ: ഭാഷാശാസ്ത്രവിശകലനം' എന്ന വിഷയത്തിൽ ഡോ. സി. സെയ്തലവിയുടെ മാർഗദർശനത്തിൽ വിജയകരമായി ഗവേഷണം പൂർത്തിയാക്കി സമർപ്പിച്ച പ്രബന്ധം മൂല്യനിർണയം നടത്തി നൽകിയിട്ടുള്ള ശുപാർശയുടെ അടിസ്ഥാനത്തിൽ അവർക്ക് പിഎച്ച്.ഡി. ബിരുദം നൽകുവാൻ തീരുമാനിച്ചു.

(1887/പിഎച്ച്.ഡി./2021/അക്കാദമികം - ഭരണവിഭാഗം)

ഇനം നമ്പർ: **2022.89**

വിഷയം: **സർവകലാശാല ഗവേഷണചട്ടം-2022 ന് അംഗീകാരം നൽകിയ വൈസ് ചാൻസലറുടെ നടപടി റിപ്പോർട്ട് ചെയ്യുന്നത് സംബന്ധിച്ച്**

തീരുമാനം: നിർവാഹകസമിതിയുടെ 2022.57 -ാമത് ഇനം തീരുമാനപ്രകാരം ഗവേഷണ ചട്ടം-2022 ന് അംഗീകാരം നൽകിയ വൈസ് ചാൻസലറുടെ തീരുമാനം സാധൂകരിച്ചതോടൊപ്പം ചട്ടത്തിൽ താഴെപറയുന്ന പ്രകാരം ഒഴിവാക്കലും കൂട്ടിച്ചേർക്കലുകളും വരുത്തി.

2.5, 3.4 എന്നീ വ്യവസ്ഥകൾ പൂർണമായും നീക്കം ചെയ്യുവാനും 3.5 ലെ ഒന്നാമത്തെ വരിയിൽ 'നേടിയവർ' എന്നതിന് ശേഷമുള്ള 'മേൽപറഞ്ഞ വിധം തയ്യാറാക്കിയ' എന്ന ഭാഗവും 4.2 ലെ രണ്ടാമത്തെ വരിയിലെ 'സമർപ്പിക്കുകയാണ്' എന്നതിന് ശേഷമുള്ള 'പുരുഷ-വനിതാ ഭേദമന്യേ' എന്ന രണ്ട് വാക്കുകളും നീക്കം ചെയ്യേണ്ടതാണ്. 4.2 ലെ മൂന്നാമത്തെ വരിയിൽ കൂടാതെ എന്നതിന് ശേഷം 'ചുരുങ്ങിയത് മൂന്ന് വർഷവും' എന്നുകൂടി ചേർക്കേണ്ടതുമാണ്.

9.1.1.1 എന്നതിലെ 6-ാമത്തെ വരിയിൽ 'യുള്ളവരായിരിക്കണ'മെന്ന ഭാഗത്തിന് ശേഷമുള്ള 'മലയാളഭാഷാ ...... നടത്തേണ്ടതാണ്' എന്ന വാചകവും ഒഴിവാക്കുക.

5.2 ൽ വിവരിച്ചിട്ടുള്ള വ്യവസ്ഥ പ്രകാരമുള്ള ജേണലുകളുടെ പട്ടിക തയ്യാറാക്കി സമർപ്പിക്കുവാൻ അതത് പഠനബോർഡുകളെ ചുമതലപ്പെടുത്തുവാനും തീരുമാനിച്ചു.

(2837/എ4/2019/അക്കാദമികം - ഭരണവിഭാഗം)

ഇനം നമ്പർ: **2022.90**

വിഷയം: **2021 ജൂണിൽ പ്രവേശനം നേടിയ ഒന്നാംവർഷം എം.എ. സാഹിത്യപഠനത്തിലെ അഡ്മിഷൻ നമ്പർ: 1290 എന്ന വിദ്യാർത്ഥിനിയെ പ്രത്യേകപരിഗണന നൽകി ഒന്നാം സെമസ്റ്റർ പരീക്ഷ എഴുതാതെ രണ്ടാംസെമസ്റ്ററിലേക്ക് സ്ഥാനകയറ്റം നൽകിയ നടപടിയുടെ സാധൂകരണം**

തീരുമാനം: 2021 ജൂണിൽ പ്രവേശനം നേടിയ ഒന്നാംവർഷം എം.എ. സാഹിത്യപഠനത്തിലെ അഡ്മിഷൻ നമ്പർ: 1290 എന്ന വിദ്യാർത്ഥിനി വിഷാദരോഗത്താൽ ചികിത്സയിലായിരുന്നതിനാൽ അവർക്കു ഒന്നാം സെമസ്റ്റർ പരീക്ഷ എഴുതാൻ കഴിയാതെ വന്ന സവിശേഷ സാഹചര്യം പരിഗണിച്ച് പ്രസ്തുത വിദ്യാർത്ഥിനിയെ രണ്ടാം സെമസ്റ്ററിലേക്ക് പ്രമോഷൻ നൽകിയ വൈസ് ചാൻസലറുടെ നടപടി സാധൂകരിച്ചു.

(126/2019/പ.വി. - പരീക്ഷാവിഭാഗം)

* ഇനം നമ്പർ: **2022.91**

വിഷയം: **മലയാളസർവകലാശാല പ്രസിദ്ധീകരിക്കുന്ന ജേണലുകൾ പിയർവ്യൂ ചെയ്യുന്നതിനുള്ള പൊതുമാനദണ്ഡങ്ങൾ തയ്യാറാക്കുന്നതിനുവേണ്ടി രൂപീകരിച്ച കമ്മിറ്റി സമർപ്പിച്ച റിപ്പോർട്ടിന്റെ അംഗീകാരം**

തീരുമാനം: സർവകലാശാല പ്രസിദ്ധീകരിക്കുന്ന ജേണലുകൾ പിയർറിവ്യൂ ചെയ്യുന്നതിനുള്ള പൊതുമാനദണ്ഡങ്ങൾ തയ്യാറാക്കുന്നതിന് നിയോഗിച്ച കമ്മിറ്റി സമർപ്പിച്ച റിപ്പോർട്ട് അംഗീകരിച്ചു.

നിർവാഹകസമിതി അംഗീകരിച്ച പൊതുമാനദണ്ഡങ്ങൾ

1. അക്കാദമികചിട്ടകൾ പാലിച്ചിട്ടുള്ള പ്രബന്ധങ്ങൾ മാത്രം പ്രസിദ്ധീകരണത്തിനായി തെരഞ്ഞെടുത്താൽ മതിയാകും.
2. സങ്കൽപ്പനം, പഠനമേഖല, രീതിശാസ്ത്രം, പൂർവപഠനങ്ങൾ എന്നിവ വ്യക്തമായി പരാമർശിക്കുന്നവയാകണം പഠനങ്ങൾ. ഉപാദാനം, ഉപപാദനം, രീതിശാസ്ത്രം, പുതുമ എന്നീ ഘടകങ്ങൾ അക്കാദമിക പ്രബന്ധത്തിന്റെ അനിവാര്യതയാണ്.
3. തത്ത്വചിന്താപരമായ ലേഖനങ്ങൾ പ്രസിദ്ധീകരിക്കുമ്പോൾ ആശയം, യുക്തിഭദ്രത, മലയാളഭാഷയിലുള്ള വൈജ്ഞാനിക വിനിമയശേഷി എന്നിവ പരിഗണിക്കേണ്ടതാണ്.
4. ‘വിജ്ഞാനം മാതൃഭാഷയിലൂടെ’ എന്ന പ്രഖ്യാപിത ലക്ഷ്യത്തിലൂന്നി നിന്നുകൊണ്ട് പ്രവർത്തിക്കുന്ന മലയാളസർവകലാശാല പ്രസിദ്ധീകരിക്കുന്ന ജേണലുകളിലെ പ്രബന്ധങ്ങൾ എല്ലാം മലയാളത്തിലായിരിക്കണം. എഴുത്തുകാരൻ/എഴുത്തുകാരി മലയാളിയല്ലെങ്കിൽ രചനകൾ (ഇതിനുമുമ്പ് പ്രസിദ്ധീകരിക്കപ്പെട്ടിട്ടില്ലെങ്കിൽ) രചയിതാവിന്റെ അനുമതിയോടെ വിവർത്തനം ചെയ്ത് പ്രസിദ്ധീകരിക്കാവുന്നതാണ്.
5. പ്രബന്ധങ്ങൾ നിർബന്ധമായും യൂണിക്കോഡിൽ തയ്യാർ ചെയ്തിരിക്കണം.
6. ഡബിൾ ബ്ലൈൻഡ് (double blind) വിദഗ്ദ്ധപരിശോധനയ്ക്ക് ശേഷം തിരഞ്ഞെടുക്കുന്ന പ്രബന്ധങ്ങളാണ് പ്രസിദ്ധീകരിക്കുക.
7. പഠനസ്കൂളുകൾ നിഷ്കർഷിക്കുന്ന സ്റ്റൈയിൽ ഷീറ്റ് അടിസ്ഥാനപ്പെടുത്തി റഫറൻസ് മാനദണ്ഡങ്ങൾ കൃത്യമായി തന്നെ പാലിക്കണം.
8. തിരുത്തിയാൽ പ്രസിദ്ധീകരണ യോഗ്യമാകും എന്നു കരുതുന്ന പ്രബന്ധങ്ങളിൽ വരുത്തേണ്ട തിരുത്തലിന്റെ വിശദാംശങ്ങൾ നൽകണം.

9. ലേഖനങ്ങൾ പരിഷ്കരിച്ച് എഴുതാൻ ആറുമാസക്കാലത്തെ സമയം എഴുത്തുകാർക്ക് അനുവദിച്ച് നൽകണം. പിയർറിവ്യൂ റിപ്പോർട്ട് നൽകി മൂന്ന് മാസം കഴിഞ്ഞു മാത്രമേ പരിഷ്കരിച്ച ലേഖനങ്ങൾ സ്വീകരിക്കേണ്ടതായിട്ടുള്ളൂ.

10. പ്രബന്ധങ്ങൾ പ്രസിദ്ധീകരണ യോഗ്യമല്ലെങ്കിൽ അതിന്റെ വിശദാംശങ്ങൾ രേഖപ്പെടുത്തണം.

11. പ്ലേജറിസം ശ്രദ്ധിക്കണം. ഉള്ളവ തള്ളിക്കളയാം.

12. പ്രസിദ്ധീകരണത്തിനായി തിരഞ്ഞെടുക്കുന്നവയ്ക്ക് ആശയപരമായ പ്രശ്നങ്ങൾ ഉണ്ടെങ്കിൽ രേഖപ്പെടുത്തണം.

13. ഏതെങ്കിലും തരത്തിലുള്ള മനുഷ്യാവകാശത്തെയോ പൗരാവകാശ ത്തെയോ ഹനിക്കുന്ന പ്രബന്ധങ്ങൾ പരിഗണിക്കേണ്ടതില്ല.

14. ഇന്ത്യൻ ഭരണഘടനയ്ക്കെതിരായതോ ഭരണഘടനയെ അവമതി ക്കുന്നതോ ആയ ആശയങ്ങൾ പ്രചരിപ്പിക്കുന്ന പ്രബന്ധങ്ങൾ പരിഗണിക്കേണ്ടതില്ല.

(101/2014/വി.സി. - പ്രസിദ്ധീകരണവിഭാഗം)

* ഇനം നമ്പർ: **2022.92**

വിഷയം: **2022-23 സാമ്പത്തികവർഷത്തിൽ പ്രസിദ്ധീകരണവിഭാഗം ഏറ്റെടുത്ത പുസ്തകങ്ങളും ജേണലുകളും പുറമേ കൊടുത്ത് ഡി.റ്റി.പി., ലേ-ഔട്ട് ചെയ്യുന്നതിനുള്ള അനുമതി.**

തീരുമാനം: പ്രസിദ്ധീകരണ വിഭാഗത്തിൽ അധികമായി വരുന്ന ഡിടിപി., ബുക്ക് ലേ-ഔട്ട് പ്രവൃത്തികൾ ചെയ്യുവാൻ തയ്യാറുള്ള സ്ഥാപനം / വ്യക്തികളിൽ നിന്നും അപേക്ഷ സ്വീകരിച്ച്, ജോലിയിൽ പ്രാവീണ്യമുള്ളവരുടെ പാനൽ തയ്യാ റാക്കി അതിൽ നിന്നും ഏറ്റവും കുറഞ്ഞ നിരക്കിൽ പ്രവൃത്തികൾ നിർവ ഹിച്ചുതരാൻ തയ്യാറുള്ളവരെ ജോലി ഏൽപ്പിക്കുവാൻ തീരുമാനിച്ചു.

(552/പ്ര.വി./2022 - പ്രസിദ്ധീകരണവിഭാഗം)

ഇനം നമ്പർ: **2022.93**

വിഷയം: **ഓൺലൈൻ പുസ്തകവില്പനയുടെ പ്രാരംഭനടപടികൾ റിപ്പോർട്ട് ചെയ്യൽ**

തീരുമാനം: പബ്ലിക്കേഷൻ ഓഫീസർ ഡോ. എ.ജി. ശ്രീകുമാറിന്റെ നേതൃത്വത്തിൽ നട ക്കുന്ന പ്രവർത്തനങ്ങളെ യോഗം അഭിനന്ദിച്ചു. പുസ്തകങ്ങളുടെ പ്രസി ദ്ധീകരണവും വിൽപനയും ഇനിയും കൂടുതൽ മെച്ചപ്പെടുത്തുന്നതിനാവ ശ്യമായ നടപടികൾ സ്വീകരിക്കണമെന്നും എസ്.പി.സി.എസ്. മുഖാന്തിരം വിൽപ്പന നടത്തിയിട്ടുള്ള പുസ്തകങ്ങളുടെ കമ്മീഷൻ ഒഴികെയുള്ള തുക എത്രയും വേഗം സർവകലാശാലയ്ക്ക് ലഭിക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കണമെന്നും യോഗം നിർദ്ദേശിച്ചു.

(1358/ഓ.ബു.വി./2022/പ്രസി. - പ്രസിദ്ധീകരണവിഭാഗം)

* ഇനം നമ്പർ: **2022.94**

വിഷയം: **സർവകലാശാല പ്രസിദ്ധീകരിക്കുന്ന പുസ്തകങ്ങളും ജേണലുകളും അച്ചടിക്കുന്നതിനായി കാലിക്കറ്റ് യൂണിവേഴ്സിറ്റി സെൻട്രൽ കോ-ഓപ്പറേറ്റീവ് സ്റ്റോറുമായി ചമച്ച കരട് ധാരണാപത്രത്തിന്റെ അംഗീകാരം.**

തീരുമാനം: മലയാളസർവകലാശാലയും കാലിക്കറ്റ് സർവകലാശാലാ സെൻട്രൽ കോ-ഓപ്പറേറ്റീവ് സ്റ്റോറും തമ്മിൽ അച്ചടി ജോലികൾ നിർവഹിക്കുന്നതിനായി ചമക്കുന്ന ധാരണാപത്രത്തിന്റെ കരട് യോഗം അംഗീകരിച്ചു. ധാരണാപത്രം ഒപ്പ് വെച്ച് തുടർനടപടികൾ സ്വീകരിക്കുന്നതിനായി യോഗം രജിസ്ട്രാർ ഇൻ ചാർജിനെ ചുമതലപ്പെടുത്തി.

(2051/2021/പ്രസി - പ്രസിദ്ധീകരണവിഭാഗം)

* ഇനം നമ്പർ: **2022.95**

വിഷയം: **ജേണലുകളും പുസ്തകങ്ങളും പ്രിന്റ്-ഓൺ-ഡിമാന്റായി അച്ചടിപ്പിക്കുന്നതിനുള്ള അംഗീകാരം.**

തീരുമാനം: പ്രസിദ്ധീകരണവിഭാഗം ഏറ്റെടുത്തിട്ടുള്ള പ്രവർത്തനങ്ങൾ നിർവിഘ്നം നടത്തുകയെന്ന ലക്ഷ്യം മുൻനിർത്തി ജേണലുകളുടെ കുറഞ്ഞ കോപ്പികൾ 'പ്രിന്റ് ഓൺ ഡിമാന്റ്' വ്യവസ്ഥയിൽ അച്ചടിക്കുവാനുള്ള നിർദ്ദേശം അംഗീകരിച്ചു.

(1358/ഓ.ബു.വി./2022/പ്രസി. - പ്രസിദ്ധീകരണവിഭാഗം)

* ഇനം നമ്പർ: **2022.96**

വിഷയം: **ഡോ. സ്കറിയ സക്കറിയ ജർമ്മനിയിലെ ടുബിംഗൻ സർവകലാശാലയിൽ ഗുണ്ടർട്ട് ചെയറിന്റെ വിസിറ്റിംഗ് പ്രൊഫസറായി സേവനമനുഷ്ഠിച്ചതിന് മുൻകൂറായി തുക കൈപ്പറ്റിയത് ആഡിറ്റ് തടസ്സവാദത്തിന്റെയും സർക്കാർ തീരുമാനത്തിന്റെയും പശ്ചാത്തലത്തിൽ നിർവ്വാഹകസമിതിയുടെ തീരുമാനത്തിനായി പരിഗണിക്കുന്നത് സംബന്ധിച്ച്**

തീരുമാനം: ജർമ്മനിയിലെ ട്യുബിംഗൻ സർവകലാശാലയിലെ 526/14/വി.സി. ഉത്തരവ് പ്രകാരം നിയമിക്കപ്പെട്ട ഡോ. സ്കറിയ സക്കറിയക്ക് നിർവാഹകസമിതി തീരുമാനപ്രകാരം അനുവദിക്കപ്പെട്ട തുകയേക്കാൾ അധികമായി വൈസ് ചാൻസലർ അനുവദിച്ചു നൽകിയ തുകയായ 1,80,042 രൂപ സാധൂകരിക്കാനാവില്ലെന്ന് സർക്കാർ 10.07.2020 ൽ അറിയിച്ചിട്ടുള്ള സാഹചര്യത്തിൽ, സ്കറിയ സക്കറിയയുടെ ഇപ്പോഴത്തെ അവസ്ഥയും അദ്ദേഹത്തെ സർവകലാശാല ഡി.ലിറ്റ്. നൽകി ആദരിച്ചിട്ടുള്ള വസ്തുതകളും കണക്കിലെടുത്ത് ഇക്കാര്യത്തിൽ സ്റ്റാന്റിങ് കോൺസലിന്റെ നിയമോപദേശം തേടിയ ശേഷം വീണ്ടും സർക്കാരിന് കത്ത് എഴുതി അധികം നൽകിയ തുകയ്ക്ക് സാധൂകരണം നൽകണമെന്ന് ആവശ്യപ്പെടുവാൻ തീരുമാനിച്ചു.

(720/2019/അക്കാദമികം - ഭരണവിഭാഗം)

* ഇനം നമ്പർ: **2022.97**

വിഷയം: **പരിസ്ഥിതിപഠന സ്കൂൾ ഡയറക്ടർ 21.07.2022 ന് വൈസ് ചാൻസലർക്ക് സമർപ്പിച്ച നിർദ്ദേശങ്ങൾ ചർച്ച ചെയ്യുന്നത് സംബന്ധിച്ച്**

യോഗാദ്ധ്യക്ഷനായ വൈസ് ചാൻസലർ പരിസ്ഥിതിപഠന സ്കൂൾ ഡയറക്ടർ 21.07.2022 ന് വൈസ് ചാൻസലർക്ക് സമർപ്പിച്ച നിർദ്ദേശങ്ങൾ ചർച്ചക്കായി അവതരിപ്പിച്ചു. അതിൽ ഉന്നയിച്ചിട്ടുള്ള നിർദ്ദേശങ്ങൾ പരിസ്ഥിതിപഠന സ്കൂൾ ഫാക്കൽറ്റിയുമായി ചർച്ച ചെയ്ത് സർവകലാശാലയുടെ വികസനപ്രവർത്തനങ്ങളെ ബാധിക്കാത്ത വിധത്തിൽ അനുരഞ്ജന സമീപനത്തോടെ പരിഹരിക്കുന്നതിനായി ഡോ. സി. രാജേന്ദ്രൻ, ഡോ. കെ.വി. ശശി എന്നിവരെ ചുമതലപ്പെടുത്തി.

(ഭരണവിഭാഗം)

* ഇനം നമ്പർ: **2022.98**

വിഷയം: **നിർവാഹകസമിതിയിലെ തെരഞ്ഞെടുക്കപ്പെട്ട അംഗങ്ങളിൽ നിന്നും ഒരാളെ ധനകാര്യകമ്മിറ്റിയിൽ ഉൾപ്പെടുത്തുന്നത് സംബന്ധിച്ച്**

നിർവാഹകസമിതിയിലെ തെരഞ്ഞെടുക്കപ്പെട്ട അംഗങ്ങളിൽ നിന്നും ഒരാളെ ധനകാര്യകമ്മിറ്റിയിൽ ഉൾപ്പെടുത്തുന്ന വിഷയം ചർച്ചക്കിടയിൽ വൈസ് ചാൻസലർ യോഗത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയതിനെ തുടർന്ന് നിർവാഹകസമിതിയിലെ തെരഞ്ഞെടുക്കപ്പെട്ട പ്രതിനിധിയുടെ ഒഴിവിലേക്ക് ഡോ. കെ.വി. ശശിയെ ഉൾപ്പെടുത്താൻ തീരുമാനിച്ചു.

(ഭരണവിഭാഗം)

യോഗം ഉച്ചക്ക് 2.30 ന് അവസാനിച്ചു.

രജിസ്ട്രാർ ഇൻ ചാർജ്